ജി(1) 12151/2019

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി – 04.12.2019

## സർക്കുലർ നമ്പർ 51/2019

വിഷയം – സഹകരണ വകുപ്പ് – സഹകരണ സ്ഥാപനങ്ങളിലെ ദുർചെലവുകൾ നിയന്ത്രിക്കുന്നത് – സംബന്ധിച്ച്.

സൂചന – സഹകരണ സംഘം രജിസ്ട്രാറുടെ 17.08.2001–ലെ 32/2001 –ാം നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ ഭരണസമിതിയ്ക്കെതിരെയും ജീവനക്കാർക്കെതിരെയും സഹകരണ നിയമപ്രകാരമോ, ചട്ടപ്രകാരമോ, സംഘം നിയമാവലി പ്രകാരമോ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിക്കുന്ന നടപടികൾക്കെതിരെ സംഘം ചെലവിൽ കേസുകൾ നടത്താൻ പാടില്ലാത്തതാണെന്ന നിർദ്ദേശം സൂചന പ്രകാരം നൽകിയിരുന്നതാണ്. സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്കുമേൽ കൈക്കൊള്ളുന്ന നടപടികളിൽമേൽ അപ്പീൽ അപേക്ഷ സമർപ്പിക്കുന്നത് ഉൾപ്പെടെ സ്വീകരിക്കാൻ സഹകരണ നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിയമാനുസൃത മാർഗ്ഗങ്ങൾ മുഖേന തുടർനടപടികൾ സ്വീകരിക്കുന്നതിന് പകരം സംഘം ഫണ്ട് ചെലവഴിച്ച് നീതിന്യായ സംവിധാനങ്ങളെ ഇപ്പോഴും സമീപിക്കുന്നതായും കേസ് നടത്തിപ്പിനായി വലിയ തോതിൽ സംഘം ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിലും ചട്ടത്തിലും കാലാനുസൃത മാറ്റങ്ങൾ കൊണ്ടുവരാനുള്ള അധികാരം സംസ്ഥാന നിയമസഭയിലും സംസ്ഥാന സർക്കാരിലും നിക്ഷിപ്തമാണെന്നതിനാൽ ഇത്തരത്തിൽ കൊണ്ടുവരുന്ന നിയമഭേദഗതിക്കെതിരെ കോടതി വ്യവഹാരം നടത്തുന്നതിനായി സംഘം ഫണ്ട് വിനിയോഗിക്കുന്നതും ദുർചെലവിന്റെ പരിധിയിൽ വരുന്നതാണ്. സഹകരണ സ്ഥാപനങ്ങളിലെ ഇത്തരത്തിലുള്ള അനാവശ്യ ചെലവുകൾ

നിയന്ത്രിക്കപ്പെടേണ്ടത് ടി സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. മേൽ സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 66എ പ്രകാരമുള്ള അധികാരം വിനിയോഗിച്ച് ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സഹകരണ സംഘം രജിസ്ട്രാർ സ്വീകരിക്കുന്ന നടപടികളിൻമേൽ സഹകരണ നിയമം അനുശാസിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ തേടാതെ പകരം കോടതികളെ സമീപിക്കുകയാണെങ്കിൽ അത്തരം കേസ് നടത്തിപ്പിനായി സംഘത്തിന്റെ പൊതുഫണ്ട് വിനിയോഗിക്കാനായി പാടുള്ളതല്ല. സഹകരണ നിയമം, ചട്ടം എന്നിവകളിലെ വ്യവസ്ഥകൾക്കെതിരെയും സംഘം ഫണ്ട് ചെലവഴിച്ച് സംഘങ്ങൾ കോടതികളിൽ കേസ് നടത്താൻ പാടുള്ളതല്ല.
2. മേൽ പരാമർശിച്ച നിർദ്ദേശത്തിനു വിരുദ്ധമായി വ്യവഹാരങ്ങൾക്കും മറ്റുമായി ദുർചെലവ് നടത്തുന്ന സംഘം ഭരണസമിതികൾക്കു മേൽ സഹകരണ നിയമത്തിലെ വകുപ്പ് 32, വകുപ്പ് 68 എന്നിവകൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
3. ഖണ്ഡിക (1) പരാമർശിക്കും വിധം ദുർചെലവുകൾ ശ്രദ്ധയിൽപ്പെടുകയും എന്നാൽ ഭരണസമിതി തീരുമാനത്തിന്റെ അഭാവത്തിലാണ് പ്രസ്തുത ചെലവുകൾ നിർവ്വഹിക്കുന്നതെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്ന പക്ഷം അതാത് സംഘം ചീഫ് എക്സിക്യൂട്ടീവിൻ മേൽ സഹകരണ നിയമം വകുപ്പ് 66ബി-ൽ പരാമർശിക്കും വിധമുള്ളതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.
4. സംഘങ്ങളിലെ ആഡിറ്റർമാർ സംഘങ്ങളിൽ കേസ് നടത്തിപ്പിനായി ചെലവായ തുക സസൂഷ്മം പരിശോധന വിധേയമാക്കേണ്ടതും, ദുർചെലവുകൾ കണ്ടെത്തിയാൽ ആയത് ബന്ധപ്പെട്ടവർക്കുമേൽ

ചുമത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതും പ്രസ്തുത വിവരം ന്യൂനതാ സംഗ്രഹത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

5. സംഘങ്ങളുടെ കേസ് നടത്തിപ്പ് ചെലവുകൾ വകുപ്പിലെ ഭരണ വിഭാഗം പ്രത്യേകം പരിശോധന വിധേയമാക്കേണ്ടതാണ്. വകുപ്പ് ഉദ്യോഗസ്ഥരുടെ ആകസ്മിക/വിശദ പരിശോധന റിപ്പോർട്ടിൽ ഇത്തരത്തിലുള്ള ദുർചെലവുകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും നിയമാനുസൃത തുടർനടപടികൾ കർശനമായി കൈക്കൊള്ളേണ്ടതുമാണ്.

മേൽ നിർദ്ദേശം എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അവരവരുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, ടി നിർദ്ദേശം കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്

ഡോ. പി.കെ. ജയശ്രീ. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും

<u>പകർപ്പ്</u>

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എല്ലാ ജില്ലകളിലും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)
4. സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്)
5. വെബ്സൈറ്റ്
6. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി) സെക്ഷൻ